# 'സൗഹൃദ' സാമ്പത്തിക സാക്ഷരതാ കേന്ദ്രം

സ്പോൺസർ: എറണാകുളം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം 4325
ഹെഡ്ഡാഫീസ്, കാക്കനാട്, കൊച്ചി- 30, ഫോൺ: 0484 - 2424549, 2424613

## FLC കൗൺസിലർമാരെ ആവശ്യമുണ്ട്

എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിലുള്ള 'സൗഹൃദ' സാമ്പത്തിക സാക്ഷരതാകേന്ദ്രത്തിന്റെ പാമ്പാക്കുട, നോർത്ത് പറവൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സാക്ഷരതാ കേന്ദ്രങ്ങൾക്കായി സന്നദ്ധ പ്രവർത്തനം നടത്തുവാൻ താൽപര്യമുള്ള രണ്ട് ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർമാരെ ഒരു വർഷത്തേയ്ക്ക്, കോൺട്രാക്ട് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു. ടി പഞ്ചായത്തുകളിൽ സ്ഥിര താമസമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. സന്നദ്ധപ്രവർത്തനത്തിൽ തൽപരരായ താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| യോഗ്യത | : | 1. സർവ്വകലാശാല ബിരുദം, കമ്പ്യൂട്ടർ പരിജ്ഞാനം, നേതൃത്വപാടവം, ആശയവിനിമയശേഷി എന്നിവ നിർബ്ബന്ധം. (MSW, LLB തുടങ്ങിയ അധിക യോഗ്യതകൾ ഉള്ളവർക്ക് മുൻഗണന) |
| | : | 2. പ്രാദേശിക/ഗ്രാമീണ/ഷെഡ്യൂൾഡ്/സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ശാഖാ മാനേജരായി പെൻഷൻപറ്റി പിരിഞ്ഞ ഉദ്യോഗസ്ഥരേയും പരിഗണിക്കുന്നതാണ്. |
| വയസ്സ് | : | 31.12.2017 ന് 65 വയസ്സിൽ അധികരിക്കാൻ പാടില്ല |

തിരഞ്ഞെടുക്കപ്പെടുന്നവർ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്:-

സാമ്പത്തികാസൂത്രണത്തിലൂടെ പൊതുജനങ്ങൾക്ക് അവരുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ പ്രാപ്തരാക്കുന്നതിനും, സമ്പാദ്യശീലം വളർത്തുന്നതിനും മിതവ്യയശീലം, സാമ്പത്തിക അച്ചടക്കം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള സുതാര്യമായ ബാങ്കിംഗ് സേവനങ്ങളെപ്പറ്റി വേണ്ട രീതിയിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള അവബോധം നൽകുന്നതിനും, വായ്പാ തിരിച്ചടവിനെ സംബന്ധിച്ചും ഋണവിമുക്തിക്കും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ അടങ്ങുന്ന ക്ലാസ്സുകളും ഉൾക്കൊള്ളിക്കേണ്ടതാണ്. സാമ്പത്തിക സാക്ഷരതാവബോധം വർദ്ധിപ്പിക്കുന്നതിനാവശ്യമായ "ഡിജിറ്റൽ ബാങ്കിംഗ്" സേവനങ്ങളെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതാണ്. ടി ക്യാമ്പുകളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ ക്ഷേമ പദ്ധതികളെ കുറിച്ച് ക്ലാസ്സ് എടുക്കേണ്ടതും ലഘുലേഖകൾ വിതരണം ചെയ്യേണ്ടതും ആവശ്യമായ വീഡിയോ ക്ലിപ്സ് പ്രദർശിപ്പിക്കേണ്ടതുമാണ്.

തെരഞ്ഞെടുപ്പ് ഇന്റർവ്യൂ മുഖേന ആയിരിക്കും. തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസ ഓണറേറിയം, 10,000/- രൂപയും പരമാവധി യാത്രാബത്ത 2000/- രൂപയും ആയിരിക്കും. നിയമിക്കപ്പെടുന്നവർക്ക് ബാങ്കിലെ സ്ഥിരം ജീവനക്കാർക്ക് ബാധകമായ യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നതല്ല.

താൽപര്യമുള്ളവർ പൂർണ്ണമായ ബയോഡാറ്റ, ഫോട്ടോഗ്രാഫ് (2 എണ്ണം), സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി എന്നിവ സഹിതം 20.03.2018 ന് മുമ്പായി താഴെ പറയുന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

ജനറൽ മാനേജർ, എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ഹെഡ്ഡാഫീസ്, കാക്കനാട്, കൊച്ചി- 30,
ഫോൺ: 0484 - 2424549, 2424613
ഇ-മെയിൽ - mail@edcbank.com. planning@edcbank.com

കാക്കനാട്,
01.03.2018.

ജനറൽ മാനേജർ
എറണാകുളം ജില്ലാ സഹകരണ ബാങ്ക്